LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം

144 (5034) ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ നടത്തിപ്പിനായി ഈ വർഷം എന്തു തുക ചെലവിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിനു പുറമേ വിദേശ സഹായത്തോടെയും കേന്ദ്ര സഹായത്തോടെയുമുള്ള വൻകിട പദ്ധതികൾക്കായി ഈ വർഷം സംസ്ഥാനത്ത് എത്ര കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതികൾക്കായി ഈ വർഷം എത്ര കോടി രൂപ ചെലവഴിച്ചു ?

ഉത്തരം

(എ) ഏകദേശം 10 കോടി രൂപ

(ബി) ഈ വർഷം വിദേശ സഹായത്തോടെയുള്ള പദ്ധതികൾക്കായി 608.62 കോടി രൂപയും കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾക്കായി 140.00 കോടി രൂപയും ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്ര പദ്ധതികൾക്കായി ഈ വർഷം ഇതുവരെ 9.50 കോടി രൂപയും വിദേശ സഹായത്തോടെയുള്ള പദ്ധതികൾക്കായി ഈ വർഷം ഇതുവരെ 38.41 കോട്ടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

രണ്ടാംഘട്ട ജലനിധി പദ്ധതി

145 (5035) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടാംഘട്ട ജലനിധി പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

രണ്ടാംഘട്ട ജലനിധി പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. സംസ്ഥാനത്തുടനീളം ഏകദേശം 200 പഞ്ചായത്തുകളിലായി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ഏകദേശം 30 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളെ തെരഞ്ഞെടുത്ത ശേഷമേ ഇത് വ്യക്തമാകുകയുള്ളൂ.